**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1062** | **06-06-2018 ലെ മറുപടി**

## പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മഞ്ഞളാംകുഴി അലി** | | **മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജലവിഭവ വകുപ്പ് വഴി പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | **ജലസേചന വകുപ്പ്**<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജലസേചന വകുപ്പ് വഴി പെരിന്തൽമണ്ണ മണ്ഡലത്തിൽ നടപ്പിലാക്കിയ/ പൂർത്തിയാക്കിയ പ്രവൃത്തികൾ താഴെപ്പറയുന്നു.<br><br>1. ആർ.എം.എഫ് - ആലിപ്പറമ്പ് പഞ്ചായത്തിൽ കാളിക്കടവിൽ തൂതപ്പുഴയ്ക്ക് കുറുകെ താൽക്കാലിക തടയണ – 8.75 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി - പ്രവൃത്തി പൂർത്തീകരിച്ചു.<br><br>2. പുലാമന്തോൾ പഞ്ചായത്തിൽ കട്ടുപാറ ചെക്ക് ഡാമിന് താഴ്ഭാഗത്ത് തൂതപ്പുഴയുടെ വലതുകര സംരക്ഷണം - 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി - പ്രവൃത്തി പൂർത്തീകരിച്ചു<br><br>3. ആലിപ്പറമ്പ് പഞ്ചായത്തിലെ മണലായ പോത്തൻ കുഴിയിൽ തൂതപ്പുഴക്ക് കുറുകെ വിയർ നിർമ്മിക്കുന്നതിനുള്ള പര്യവേഷണ പ്രവൃത്തികൾ - 2.60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി - പ്രവൃത്തി പൂർത്തീകരിച്ചു.<br><br>4. കടലുണ്ടിപ്പുഴയുടെ പോഷക നദികളായ വെള്ളിയാറിലും ഒലിപ്പുഴയിലും കൽകുണ്ട് വരെയും ഉണ്ണിയാൽ വരെയും സർവ്വെ പ്രവൃത്തികൾ - 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി - പ്രവൃത്തി പൂർത്തീകരിച്ചു<br><br>5. ഹരിതകേരളം 2017-18, ആലിപ്പറമ്പ് പഞ്ചായത്തിലെ കരുവാടിക്കുളത്തിന്റെ പുനരുജ്ജീവനം - 1.80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി - പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു<br><br>6. പുലാമന്തോൾ പഞ്ചായത്തിലെ കട്ടുപ്പാറ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽ പമ്പ് ഹൗസിന്റെ എ.സി.ഷീറ്റ് സ്ഥാപിക്കലും മെയിൻ കനാലിന്റെ 0 മീറ്റർ മുതൽ |

100 മീറ്റർ വരെയുള്ള അടിയന്തിര അറ്റകുറ്റ പ്രവൃത്തി- 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി - എഗ്രിമെന്റ് വെച്ചു

7. എഫ്.ഡി - പുലാമന്തോൾ പഞ്ചായത്തിലെ ചിറ്റാടിപാടത്ത് പാർശ്വഭിത്തിയുടെ സംരക്ഷണ പ്രവൃത്തി - 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി - പ്രവൃത്തി പൂർത്തീകരിച്ചു

8. പദ്ധതി പരിപാലനം - പുലാമന്തോൾ പഞ്ചായത്തിലെ കട്ടുപ്പാറ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ 2017-18 വർഷത്തെ വാർഷിക അറ്റകുറ്റ പണികൾ - 2.70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി - പ്രവൃത്തി ആരംഭിച്ചു

9. പദ്ധതി പരിപാലനം - ഏലംകുളം പഞ്ചായത്തിലെ രാമൻചാടി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിലെ 2017-18 വർഷത്തെ വാർഷിക അറ്റകുറ്റപ്പണികൾ - 3 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി - ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു

10. പദ്ധതി പരിപാലനം - ഏലംകുളം പഞ്ചായത്തിലെ രാമൻചാടി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിലെ മെയിൻ കനാലിന്റെ 1820 മീറ്റർ മുതൽ 2000 മീറ്റർ വരെ കേടുപാടുകൾ തീർക്കുന്ന പ്രവൃത്തി - 15 ലക്ഷം - പ്രവൃത്തി പൂർത്തിയായി.

11. പദ്ധതി പരിപാലനം - പുലാമന്തോൾ പഞ്ചായത്തിലെ കട്ടുപ്പാറ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിലെ 4000 മീറ്റർ മുതൽ 4200 മീറ്റർ വരെയുള്ള മെയിൻ കനാലിന്റെ കേടുപാടുകൾ തീർക്കുന്ന പ്രവൃത്തി - 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി - പ്രവൃത്തി പൂർത്തിയായി.

**<u>കേരള ജല അതോറിറ്റി</u>**

എസ്.എൽ.എസ്.സി 2013-ൽ 750 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ താഴേക്കോട്, ആലിപ്പറമ്പ് കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്.

**<u>ഭൂജലവകുപ്പ്</u>**

ഭൂജലവകുപ്പ് പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ മേലാറ്റൂർ ഗ്രാമപഞ്ചായത്തിലെ ചോലക്കുളം നെടുങ്ങമ്പാറ കോളനിയിൽ ഒരു കുഴൽക്കിണർ നിർമ്മിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ ഏലംകുളം ഗ്രാമപഞ്ചായത്തിലെ ആറ് സ്ഥലങ്ങളിലെ കുഴൽക്കിണർ കൈപമ്പ് നവീകരിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

**<u>ജലനിധി</u>**

| | | | |
|---|---|---|---|
| | | | 2013 മുതൽ പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട മേലാറ്റൂർ ഗ്രാമപഞ്ചായത്തിൽ ജലനിധി രണ്ടാംഘട്ട പദ്ധതി നടപ്പിലാക്കി വരുന്നു. 2446 ഗുണഭോക്തൃ കുടുംബങ്ങൾ ഉൾപ്പെടുന്ന 29 ചെറുകിട കുടിവെള്ള പദ്ധതികളാണ് ഈ പഞ്ചായത്തിൽ ജലനിധി രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതിൽ കമ്മീഷൻ ചെയ്യാൻ ബാക്കിയുള്ള 12-ൽ 11 കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്തു. ഈ ഗ്രാമ പഞ്ചായത്തിൽ 895 ഗുണഭോക്തൃ കുടുംബങ്ങൾക്ക് കുടിവെള്ളം നൽകിയിട്ടുണ്ട്. നിലവിൽ 52 കുടുംബങ്ങൾ അടങ്ങുന്ന ഒരു ചെറുകിട പദ്ധതിയുടെ പ്രവർത്തനങ്ങൾ പൂർത്തീകരണഘട്ടത്തിലാണ്. |
| (ബി) | 2018-19 ൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണ്; അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ടതെന്ന് വകുപ്പ് കണ്ടെത്തിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | **<u>ജലസേചന വകുപ്പ്</u>**<br><br>2018-19 ൽ നടപ്പിലാക്കുന്നതിനായി ചെറുകിട ജലസേചന സൂപ്രണ്ടിംഗ് എഞ്ചിനീയർ ഇതുവരെ സമർപ്പിച്ച പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>1. ഏലംകുളം പഞ്ചായത്തിൽ കുന്തിപ്പുഴയ്ക്ക് കുറുകെ പള്ളത്ത് കടവിൽ റെഗുലേറ്റർ നിർമ്മാണവും രാമൻചാടി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ കനാൽ ചെറുകര കുറ്റിപ്പുള്ളി വരെയും പാലത്തോൾ വരെയും നീട്ടൽ<br>2. ആലിപ്പറമ്പ് പഞ്ചായത്തിൽ മണലായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണം - 500 ലക്ഷം<br>3. പനമ്പറ്റ വി.സി.ബി.യുടെ അടിയന്തിര അറ്റകുറ്റപ്പണി - 30 ലക്ഷം<br>4. പാലത്തുംകുന്ന് വി.സി.ബി.യുടെ അറ്റകുറ്റപ്പണി - 5 ലക്ഷം<br>5. ഏലംകുളം പഞ്ചായത്തിലെ ചിറക്കുളം നന്നാക്കൽ - 90 ലക്ഷം<br>6. ആലിപ്പറമ്പ് പഞ്ചായത്തിലെ പക്കത്ത് (കോരക്കുളം) നന്നാക്കൽ - 60 ലക്ഷം<br>7. പുലാമന്തോൾ പഞ്ചായത്തിലെ മങ്ങാട്ടുകുളം നന്നാക്കൽ - 60 ലക്ഷം<br>8. താഴേക്കോട് പഞ്ചായത്തിലെ പുത്തൻകുളം നന്നാക്കൽ - 45 ലക്ഷം<br>9. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലെ അഞ്ചുള്ളിച്ചിക്കുളം നന്നാക്കൽ - 50 ലക്ഷം<br>10. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലെ പാടത്തുകുളം നന്നാക്കൽ - 90 ലക്ഷം |

11. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലെ ചാലിയംകുളം നന്നാക്കൽ - 45 ലക്ഷം

12. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലെ കൈതക്കുളം നന്നാക്കൽ - 90 ലക്ഷം

13. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലെ ചോലക്കുളം നന്നാക്കൽ - 75 ലക്ഷം

2018-19 ൽ അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. ആലിപ്പറമ്പ് പഞ്ചായത്തിലെ മണലായ പോത്തൻ കുഴിയിൽ കുന്തപ്പുഴയ്ക്ക് കുറുകെ വിയർ നിർമ്മാണം - എസ്റ്റിമേറ്റ് തുക 290 ലക്ഷം - ഡി.പി.ആർ പരിശോധിച്ചു വരുന്നു.
2. ആലിപ്പറമ്പ് പഞ്ചായത്തിലെ കാളിക്കടവിൽ കുന്തപ്പുഴയ്ക്ക് കുറുകെ വിയർ നിർമ്മാണം - എസ്റ്റിമേറ്റ് തുക 500 ലക്ഷം - പുതുക്കിയ ഡിസൈൻ പ്രകാരം ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു
3. മേലാറ്റൂർ പഞ്ചായത്തിലെ വെള്ളിയാർ പുഴയ്ക്ക് കുറുകെ മണിയനീരിക്കടവ് പാലത്തിന് താഴ്ഭാഗത്ത് കല്ലടയിൽ തടയണ നിർമ്മാണം - എസ്റ്റിമേറ്റ് തുക 136 ലക്ഷം - ഡിസൈൻ പ്രകാരം ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
4. മേലാറ്റൂർ പഞ്ചായത്തിലെ വെള്ളിയാർ പുഴയ്ക്ക് കുറുകെ എടയാറ്റൂർ പള്ളിക്കടവിൽ ആർ.സി.ബി നിർമ്മാണം - എസ്റ്റിമേറ്റ് തുക 950 ലക്ഷം - ഡി.പി.ആർ പരിശോധിച്ചു വരുന്നു.
5. പനമ്പറ്റ വി.സി.ബി.യുടെ അടിയന്തിര അറ്റകുറ്റ പണി - എസ്റ്റിമേറ്റ് തുക 30 ലക്ഷം
6. പാലത്തുംകുന്ന് വി.സി.ബി.യുടെ അടിയന്തിര അറ്റകുറ്റപ്പണി - എസ്റ്റിമേറ്റ് തുക 5 ലക്ഷം

**കേരള ജല അതോറിറ്റി**

2018-19 ൽ കിഫ്ബിയിൽ ഉൾപ്പെടുത്തി രാമഞ്ചാടി-അലിഗർ കുടിവെള്ള പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഡി.പി.ആർ ഭരണാനുമതിയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. കൂടാതെ 2018-19 സ്റ്റേറ്റ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് താഴെപ്പറയുന്ന പ്രവൃത്തികൾ പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | 1. താഴേക്കോട് ശുദ്ധജലവിതരണ പദ്ധതി - ബൂത്ത് പമ്പ് ഹൗസ് സ്ഥാപിക്കുന്ന പ്രവൃത്തി - 0.75 ലക്ഷം<br>2. പെരിന്തൽമണ്ണ ശുദ്ധജലവിതരണ പദ്ധതി - ചെറുകര ശുദ്ധീകരണശാലയിൽ കേടുവന്ന പാനൽ ബോർഡ് സ്ഥാപിക്കുന്ന പ്രവൃത്തി - 48.50 ലക്ഷം<br>3. പെരിന്തൽമണ്ണ ശുദ്ധജലവിതരണ പദ്ധതി - ചെറുകര ശുദ്ധീകരണശാലയിൽ മേൽക്കൂര നിർമ്മാണം - 4.75 ലക്ഷം<br>4. അങ്ങാടിപ്പുറം ശുദ്ധജലവിതരണ പദ്ധതി - 240 എച്ച്.പി റോവാട്ടർ പമ്പ്സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി - 95 ലക്ഷം<br>5. പെരിന്തൽമണ്ണ ശുദ്ധജലവിതരണ പദ്ധതി - കട്ടുപ്പാറ മുതൽ ടി.എൻ.പുരം വരെ പഴയ എ.സി പൈപ്പ് മാറ്റുന്ന പ്രവൃത്തി - 26 ലക്ഷം<br>6. പെരിന്തൽമണ്ണ ശുദ്ധജലവിതരണ പദ്ധതി - 210 എച്ച്.പി ക്ലിയർ വാട്ടർ പമ്പ് സെറ്റ് 2 എണ്ണം സ്ഥാപിക്കുന്ന പ്രവൃത്തി - 132 ലക്ഷം<br>7. പെരിന്തൽമണ്ണ ശുദ്ധജലവിതരണ പദ്ധതി ചെറുകര ശുദ്ധീകരണശാലയിൽ ഫിൽറ്റർ മീഡിയ മാറ്റുന്ന പ്രവൃത്തി - 48 ലക്ഷം<br>8. പെരിന്തൽമണ്ണ ശുദ്ധജലവിതരണ പദ്ധതി ചെറുകര ശുദ്ധീകരണശാലയിലേയ്ക്ക് മാത്രമായി ഒരു വൈദ്യുതലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി - 160 ലക്ഷം<br>9. പെരിന്തൽമണ്ണ ശുദ്ധജലവിതരണ പദ്ധതി - പദ്ധതിയുടെ പ്രൊഡക്ഷൻ കപ്പാസിറ്റി വർദ്ധിപ്പിക്കുന്ന പ്രവൃത്തി - 53 ലക്ഷം |

**സെക്ഷൻ ഓഫീസർ**